# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 72 28.09.2016 ൽ മറുപടിക്ക്

## യുനെസ്കോയുടെ പൈതൃക പദവി

**ചോദ്യം**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. ടി.വി. ഇബ്രാഹിം
ശ്രീ. സി.മമ്മൂട്ടി
ശ്രീ. എൻ.ഷംസുദ്ദീൻ

**മറുപടി**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു. തുറമുഖവും,മ്യൂസിയവും പുരാവസ്തുസംരക്ഷണവും പുരാരേഖയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യുനെസ്കോയുടെ പൈതൃക പദവിക്ക് അർഹത നേടിയെടുക്കാനാവുമെന്ന് കരുതുന്ന ചരിത്രാവശിഷ്ടങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | വയനാട് ജില്ലയിലെ എടയ്ക്കൽ ഗുഹകൾ, തമിഴ് നാട്ടിലെ കന്യാകുമാരി ജില്ലയിലെ പത്മനാഭപുരം കൊട്ടാരം എന്നിവ പൈതൃക പദവിക്ക് അർഹത നേടിയെടുക്കാനാവുമെന്ന് കരുതുന്നു. ഇതിൽ സംസ്ഥാന ' സർക്കാർ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് പത്മനാഭപുരം കൊട്ടാരം യുനെസ്കോയുടെ പ്രാഥമിക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പൈതൃക പദവി നേടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | പത്മനാഭപുരം കൊട്ടാരത്തെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി വിവരങ്ങൾ യുനെസ്കോയ്ക്ക് ലഭ്യമാക്കുകയും,യുനെസ്കോയുടെ ആവശ്യപ്രകാരം പത്മനാഭപുരം കൊട്ടാരത്തിന്റെ Digital Graphics Documentation ചെയ്യുകയും,സെമിനാർ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. അന്തിമ ലിസ്റ്റിൽ പത്മനാഭപുരം കൊട്ടാരത്തെ ഉൾപ്പെടുത്തുന്നതിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ പുരാവസ്തു സംരക്ഷണ നിയമ പ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | 1968 ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ് അനുസരിച്ച് നിലവിലുള്ള സ്മാരകങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം സംരക്ഷിക്കുവാൻ യോഗ്യമായ പുതുതായി ശ്രദ്ധയിൽപ്പെടുന്ന സ്മാരകങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഓരോ ജില്ലയിലേയും പൈതൃക തനിമകൾ ഒരിടത്ത് പ്രദർശിപ്പിക്കുന്നത് ഉദ്ദേശിച്ചു കൊണ്ട് ജില്ലാതല പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുവാനും ഇതിലേക്കായി 8 ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം) സ്ഥലം ലഭ്യമാക്കി മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**